**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 97** **05-12-2022 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം കോർപറേഷൻ മേയറുടെ കത്ത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തിരുവനന്തപുരം നഗരസഭ ആരോഗ്യ വിഭാഗത്തിലെ 295 ജീവനക്കാരുടെ നിയമനത്തിൽ പാർട്ടിയുടെ മുൻഗണനാ പട്ടിക ആവശ്യപ്പെട്ട് പ്രധാന ഭരണകക്ഷിയുടെ ജില്ലാ സെക്രട്ടറിക്ക് മേയർ കത്തെഴുതിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സംഭവത്തിൽ അന്വേഷണത്തിന്റെ പുരോഗതി വിശദമാക്കാമോ; | (എ) | മാധ്യമങ്ങളിൽ പ്രചരിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിഷയം സംബന്ധിച്ച് തിരുവനന്തപുരം നഗരസഭാ മേയർ മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ച പരാതിയിൽ അന്വേഷണം നടത്തുന്നതിന് സംസ്ഥാന പോലീസ് മേധാവിക്ക് നൽകി. തിരുവനന്തപുരം ക്രൈം ബ്രാഞ്ച് യൂണിറ്റ് ക്രൈം നമ്പർ 225/CB/TVM/MD/2022 പ്രകാരം രജിസ്റ്റർ ചെയ്ത കേസ് അന്വേഷണഘട്ടത്തിലാണ്.. പോലീസ് സ്വീകരിച്ച നടപടികൾ<br><br>സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുന്നത് ഉചിതമല്ല. |
| (ബി) | ഒരു കോഗ്നിസബിൾ കുറ്റകൃത്യത്തെ കുറിച്ച് വിവരം ലഭിച്ചയുടൻ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യണം എന്ന് സി.ആർ.പി.സി. വ്യവസ്ഥയും സുപ്രീം കോടതി വിധിയും നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വിഷയത്തിൽ കേസ് എടുക്കാൻ വൈകിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ; | (ബി) | (എ) യിൽ ചേർത്തിട്ടുണ്ട്. |
| (സി) | പ്രസ്തുത വിഷയത്തിൽ ക്രൈം ബ്രാഞ്ച് നടത്തിയ പ്രാഥമിക അന്വേഷണത്തിന്റെ ഭാഗമായി പ്രധാന ഭരണ കക്ഷിയുടെ തിരുവനന്തപുരം ജില്ലാ സെക്രട്ടറിയെ ചോദ്യം ചെയ്യാതിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ; | (സി) | (എ) യിൽ ചേർത്തിട്ടുണ്ട്.. |
| (ഡി) | എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യാതെയുള്ള ക്രൈം ബ്രാഞ്ചിന്റെ പ്രാഥമിക അന്വേഷണം കേസ് അട്ടിമറിക്കാനാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഡി) | (എ) യിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ